**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1254** **07-10-2021 - ൽ മറുപടിയ്ക്ക്**

**വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിന് തീർത്ഥാടനമേഖലകളെ കൂടി പരിഗണിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | നിലവിൽ തലശ്ശേരി മാസ്റ്റർപ്ലാനിൽ കൊട്ടിയൂർ ക്ഷേത്രം, മൃദംഗ ശൈലേശ്വരി ക്ഷേത്രം, തൊടിക്കളം ക്ഷേത്രം മുതലായ തീർത്ഥാടന കേന്ദ്രങ്ങളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കാലടി- മലയാറ്റൂർ- ആതിരപ്പള്ളി മാസ്റ്റർപ്ലാനിൽ മലയാറ്റൂർ പള്ളി ഉൾപ്പെടെയുള്ള അനുബന്ധ തീർത്ഥാടന മേഖലകളും ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | വിനോദസഞ്ചാരകേന്ദ്രങ്ങൾ സുരക്ഷിതമാക്കുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലുള്ള ടോയ്‌ലറ്റ് സംവിധാനം ഒരുക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി) | വിനോദസഞ്ചാര വകുപ്പ് സംസ്ഥാനത്തെ ടൂറിസംകേന്ദ്രങ്ങളിൽ “കൺസ്ട്രക്ഷൻ ഓഫ് വേൾഡ് ക്ലാസ് ടോയ്‌ലറ്റ് ബ്ലോക്ക്” എന്ന പേരിൽ ടോയ്‌ലറ്റ് സൗകര്യം ഒരുക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ദിവസേന ആയിരത്തിലധികം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന കേന്ദ്രങ്ങളിൽ ലോക നിലവാരമുള്ള ടോയ് ലെറ്റുകൾ നിർമ്മിക്കാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. കിറ്റ്കോ യാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി.ഈ പദ്ധതി വഴി വർക്കല ബീച്ച്, ശംഖുമുഖം ബീച്ച്, കൊല്ലം ബീച്ച്, ആലപ്പുഴ ബീച്ച്, മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ, ഫോർട്ട്കൊച്ചി, മലമ്പുഴ ഡാം, കോഴിക്കോട് ഭട്ട് റോഡ് പാർക്ക്, പൂക്കോട്, കാരാപ്പുഴ, പയ്യാമ്പലം ബീച്ച്, ബേക്കൽ എന്നീ 12 കേന്ദ്രങ്ങളിൽ ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിനായി 17.76 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ പൂക്കോട്, കൊല്ലം, ആലപ്പുഴ, വർക്കല, പയ്യാമ്പലം, കാരാപ്പുഴ, ശംഖുമുഖം, മൂന്നാർ എന്നീ വർക്കുകൾ കോൺട്രാക്ടർക്ക് അവാർഡ് ചെയ്തുകഴിഞ്ഞു. ബേക്കൽ, കോഴിക്കോട് ഭട്ട്റോഡ്, ഫോർട്ട്കൊച്ചി എന്നീ മൂന്ന് വർക്കുകൾ ടെണ്ടർ ചെയ്തുകഴിഞ്ഞു. മലമ്പുഴപദ്ധതിയ്ക്ക് ഇറിഗേഷൻവകുപ്പിന്റെ എൻ.ഒ.സി ലഭിക്കേണ്ടതുണ്ട്. ശംഖുമുഖം, കൊല്ലം, ആലപ്പുഴ, വർക്കല, ഫോർട്ട്കൊച്ചി, പയ്യാമ്പലം, ബേക്കൽ എന്നീ പദ്ധതികൾക്ക് CRZ ക്ലിയറൻസ് ലഭിക്കേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളെയും രാജ്യത്തെ വിവിധ ടൂറിസം കേന്ദ്രങ്ങളേയും കോർത്തിണക്കി ടൂറിസം സർക്യൂട്ടുകൾക്ക് രൂപം നൽകുന്നതിനും സർക്കാർ നിയന്ത്രണത്തിൽ വിനോദയാത്രകൾ സംഘടിപ്പിക്കുന്നതിനും മുൻകൈയെടുക്കുമോ; വിശദമാക്കുമോ? | (സി) | കേരളത്തെ അന്താരാഷ്ട്ര ആഭ്യന്തര വിനോദസഞ്ചാരികളുടെ ഒരു പ്രധാന ടൂറിസ്റ്റ്കേന്ദ്രമായി ആകർഷിക്കുന്നതിന്റെ ഭാഗമായി 2021 ലെ ബഡ്ജറ്റിൽ താഴെ പറയുന്ന രണ്ട് ബൃഹദ് ടൂറിസംസർക്യൂട്ടുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളെയാണ്ഉൾപ്പെടുത്തിയിട്ടുള്ളത്. 1. മലബാർ ലിറ്ററി സർക്യൂട്ട് – മലയാളസാഹിത്യത്തിലെഅതികായൻമാരായ തുഞ്ചത്ത്എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ. വി.വിജയൻ, എം.ടി. വാസുദേവൻ നായർ എന്നിവരിലൂടെ പ്രശസ്തി നേടിയ തുഞ്ചൻസ്മാരകം, ബേപ്പൂർ, തസ്രാക്ക്, ഭാരതപ്പുഴയുടെ തീരങ്ങൾ, കൂടാതെ പൊന്നാനി, തൃത്താല എന്നീസ്ഥലങ്ങളെ കോർത്തിണക്കിയുള്ളതാണ് ഈടൂറിസം സർക്യൂട്ട്. ഭാരതപ്പുഴയെയും സാഹിത്യത്തെയും കോർത്തിണക്കി സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച മലബാർ ലിറ്ററി സർക്യൂട്ട് എന്ന ടൂറിസം പദ്ധതിയാണ് പുതിയ സാധ്യതകളിലേക്ക് വഴിതുറക്കുന്നത്. മലയാള ഭാഷാപിതാവിന്റെ തുഞ്ചൻപറമ്പ് മുതൽ കൽപാത്തി വരെ നീളുന്നതാണ് നിളയിലെ പൈതൃക സർക്യൂട്ട്. ഇതിലേക്ക് ബേപ്പൂർ സുൽത്താൻ ശ്രീ. വൈക്കം മുഹമ്മദ് ബഷീറിന്റെ നാടിനെയും കോർത്തിണക്കും. മഹാകവിയുടെ പൈതൃക സ്മരണകളുറങ്ങുന്ന നിളാതീരത്തെ തുഞ്ചന്റെ തട്ടകവും കുഞ്ചന്റെ കിള്ളിക്കുറിശ്ശിയും എം.ടിയുടെ കൂടല്ലൂരും ഇടശ്ശേരിയുടെ കുറ്റിപ്പുറവും സാമൂതിരിയുടെ നിലപാട്ടുതറയുമെല്ലാം കൂട്ടിയിണക്കുന്ന രീതിയിലാണ് ഈ സർക്യൂട്ട് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്. 2. ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട് – കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായൽ, മൺട്രോതുരുത്ത്, കൊട്ടാരക്കര, മീൻപിടിപ്പാറ, മുട്ടറമരുതിമല, ജടായുപാറ, തെന്മല, അച്ചൻകോവിൽ എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ച് കോർത്തിണക്കിയുള്ളതാണ് ഈ ടൂറിസം സർക്യൂട്ട്. കായലും കടലും ഭംഗിയുള്ള തോടുകളും തുരുത്തുകളും മലയോരവും തേയിലത്തോട്ടവുമുള്ള കൊല്ലം ജില്ല വിനോദസഞ്ചാര മേഖലയിൽ പുത്തനുണർവ്വുണ്ടാക്കും. പത്തനംതിട്ട ജില്ലയിലെ മാന്നാർ- ചെങ്ങന്നൂർ- ആറന്മുള എന്നീ പ്രദേശങ്ങളെ കോർത്തിണക്കിക്കൊണ്ട് റൂറൽ ആർട് & ക്രാഫ്റ്റ് സർക്യൂട്ട് എന്ന പേരിൽ ഒരു ടൂറിസം പദ്ധതി പരിഗണനയിൽ ഉണ്ട്. സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളെയും രാജ്യത്തെ വിവിധടൂറിസം കേന്ദ്രങ്ങളേയും കോർത്തിണക്കി ടൂറിസം സർക്യൂട്ടുകൾക്ക് രൂപം നൽകുന്നതിനും സർക്കാർ നിയന്ത്രണത്തിൽ വിനോദയാത്രകൾ |

| | | | |
|---|---|---|---|
| | | | സംഘടിപ്പിക്കുന്നതിനുമുള്ള പദ്ധതികളൊന്നും നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ